2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ലോട്ടറി വിൽപ്പനയിലൂടെയുള്ള വരവ് ചുവടെ ചേർക്കുന്നു :

വർഷം	ലോട്ടറി വിൽപ്പനയിൽ നിന്നുള്ള വരവ് (രൂപ കോടിയിൽ)	മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം
2011-12	1287.22	130.81
2012-13	2778.80	115.87
2013-14	3793.84	36.52
2014-15	5445.84	43.54

(സി) നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യസംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻതന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

14 (*14) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) ഉണ്ട്.

(ബി) ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചു വരുന്ന ലഹരി ഉപഭോഗവും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യ വിപത്തുകളെക്കുറിച്ചും ജനങ്ങളെ ബോധവത്ക്കരിക്കുക, ലഹരിയുടെ അമിത ഉപയോഗംമൂലം ലഹരിക്കടിമയായ വ്യക്തികളെ അതിൽനിന്നും പിൻതിരിപ്പിക്കുക, ചികിത്സ നൽകുക എന്നിവയ്ക്ക് പുറമേ ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക ഊന്നൽ നൽകി ബോധവൽക്കരണം നടത്തുക ഇവയാണ് ലഹരിവിരുദ്ധ ബോധവത്ക്കരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം.

മദ്യ-ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്നത്. ലഹരിവിരുദ്ധ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂളുകളിൽ ലഹരിവിരുദ്ധ ബോധവത്ക്കർണം, കോളനികൾ കേന്ദ്രീകരിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, സംസ്ഥാനതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സ് തുടങ്ങിയ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ലഹരിക്ക് അടിമപ്പെട്ടവരെ അതിൽനിന്നും മോചിപ്പിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്ന ഡീ-അഡിക്ഷൻ സെന്ററുകൾക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ധനസഹായം നൽകിവരുന്നുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുവാനായി 25-9-2015-ലെ ജി.ഒ.(എം.എസ്.)നം.171/15/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 'സുബോധം ' എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ MSW ബിരുദമുള്ള നോഡൽ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അതത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. മദ്യലഭ്യത കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഒരാൾക്കു കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 27.1 ലിറ്ററിൽനിന്നും 15 ലിറ്ററായി കുറച്ചു.

2. സൂര്യോദയം മുതൽ അർദ്ധരാത്രിവരെ പ്രവർത്തിച്ചുവന്നിരുന്ന ബാർ ഹോട്ടലുകളുടേയും ബിയർ വൈൻ പാർലറുകളുടേയും പ്രവർത്തന സമയം 5 മണിക്കൂർ കുറച്ചു.

3. പുതുതായി എഫ്.എൽ.1 ഷോപ്പുകൾ ആരംഭിക്കാതിരിക്കുകയും നിലവിലുള്ള എഫ്.എൽ.1 ഷോപ്പുകളിൽനിന്നും പ്രതിവർഷം 10% ഷോപ്പുകൾ വീതം നിർത്തലാക്കിയും വരുന്നു.

4. പഞ്ചനക്ഷത്ര പദവിയിലുള്ള ഹോട്ടലുകൾ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസ് നൽകുന്നത് നിർത്തലാക്കി.

5. യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി 18 വയസ്സിൽനിന്നും 21 വയസ്സായി ഉയർത്തിയിട്ടുണ്ട്.

6. പുതിയ മദ്യശാലകൾ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതികൂടി നിർബന്ധമാക്കി പഞ്ചായത്ത് നിയമവും മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്തിട്ടുണ്ട്.

7. ദു:ഖ വെള്ളിയാഴ്ച ഡ്രൈഡേ ആയി പ്രഖ്യാപിച്ചു. കൂടാതെ അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധദിനമായ ജൂൺ 26-ഉം ഡ്രൈഡേ ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly